## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.232** — **07.08.2017-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ ശമ്പളം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.എൽദോ എബ്രഹാം<br>,, വി.ആർ. സുനിൽ കുമാർ : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ ശമ്പളത്തിൽ എത്ര ശതമാനം വർദ്ധന വരുത്തുന്നതിനാണ് മിനിമം വേതന സമിതി തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച മിനിമം വേതന കമ്മിറ്റി, ബഹു.നിയമവകുപ്പ്, തൊഴിൽ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 10.07.2014-ന് നടന്ന യോഗത്തിൽ ടി മേഖലയിലെ ഏറ്റവും താഴ്ന്ന തസ്തികയിലെ ജീവനക്കാരന് 15,600/-രൂപ അടിസ്ഥാന വേതനമായി നിശ്ചയിക്കുകയും ആയത് ടി തസ്തികയിൽ നിലവിലുള്ള മിനിമം വേതനത്തിനോടൊപ്പം 100 പോയിൻറ് ക്ഷാമബത്ത കൂട്ടിക്കിട്ടുന്ന തുകയും ആയതിനോടൊപ്പം 50% വർദ്ധനവ് വരുത്തിയതിന് തുല്യവുമാകയാൽ ടി മാനദണ്ഡം മറ്റു തസ്തികകളിലേയും മിനിമം വേതനം നിശ്ചയിക്കുന്നതിന് ആധാരമാക്കുവാൻ കമ്മിറ്റിയിൽ ധാരണയായിട്ടുണ്ട്. എന്നാൽ ടി മാനദണ്ഡപ്രകാരം നഴ്സുമാരുടെ വേതനം സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള കമ്മിറ്റി ശുപാർശ ചെയ്തതിന് തുല്യമാകാതെ വരുന്നതിനാൽ നഴ്സസ് യൂണിയൻ ആയതിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുക എന്ന നിലയിൽ അല്ലാതെ മേൽ മാനദണ്ഡപ്രകാരം മിനിമം വേതനം പരിഷ്കരിക്കുക എന്ന നിലയിലാണ് കമ്മിറ്റിയിൽ ധാരണയായിട്ടുള്ളത്. |
| (ബി) പ്രസ്തുത ശിപാർശ അനുസരിച്ച് വിവിധ തലത്തിലുള്ള ആശുപത്രികളിലെ നേഴ്സുമാരുടെ വേതന നിലവാരം വ്യക്തമാക്കുമോ; | (ബി) യും (സി) യും | സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച് മിനിമം വേതന കമ്മിറ്റി 10.07.2014-ൽ കൈക്കൊണ്ട ധാരണപ്രകാരം നഴ്സുമാരുടെ അടിസ്ഥാനവേതനം 17,200/- രൂപയായി നിശ്ചയിക്കുകയും അതത് ജില്ലകളിലെ |

| | |
|---|---|
| (സി) വേതന വർദ്ധന സംബന്ധിച്ച് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ? | കൺസ്യൂമർപ്രൈസ് ഇൻഡക്സിന്റെ 300 കഴിഞ്ഞുവരുന്ന ഓരോ പോയിൻ്റിനും 26.65/- രൂപ എന്ന നിരക്കിൽ ക്ഷാമബത്തയും കൂടാതെ ആശുപത്രികളുടെ തരംതിരിവനുസരിച്ച് ചുവടെ പറയും പ്രകാരം അലവൻസ് നൽകുന്നതിനും ധാരണയായി. |

| സ്ഥാപനങ്ങൾ | അധിക അലവൻസ് | നഴ്സിംഗ് അലവൻസ് |
|---|---|---|
| 1 മുതൽ 20 വരെ കിടക്കകളുള്ളവ | 3% | 3% |
| 21 മുതൽ 100 വരെ കിടക്കകളുള്ളവ | 5% | 750/ രൂപ |
| 101 മുതൽ 300 വരെ കിടക്കകളുള്ളവ | 12% | 1000/-രൂപ |
| 301 മുതൽ 500 വരെ കിടക്കകളുള്ളവ | 15% | 1200/- രൂപ |
| 501 മുതൽ 800 വരെ കിടക്കകളുള്ളവ | 20% | 1200/- രൂപ |
| 800-നു മുകളിൽ കിടക്കകളുള്ളവ | 30% | 1400/- രൂപ |

സെക്ഷൻ ഓഫീസർ.